# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 397

12-06-2012-ൽ മറുപടിക്ക്

# വൈദ്യുതി ചാർജ്ജ് വർദ്ധന

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ.

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ഉപയോക്താക്കളിൽ നിന്നും സർചാർജ്ജായി എന്തു തുക ഇതിനകം ഈടാക്കിയിട്ടുണ്ട്; | (എ) | (എ) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ, 08.01.2010 ലെ ഫ്യുവൽ സർചാർജ്ജ് റഗുലേഷൻ 2009 പ്രകാരം, കെ.എസ്.ഇ.ബി, മൂന്നുമാസത്തിലൊരിക്കൽ, ആ കാലയളവിൽ ഇന്ധന വിലയിൽ ഉള്ള വർദ്ധനവ് മൂലമുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത കമ്മീഷനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ടി ബാദ്ധ്യത ഫ്യുവൽ സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്ന് കമ്മീഷൻ ഉത്തരവിന് വിധേയമായി ഈടാക്കേണ്ടതാണെന്നും ടി നിയമം അനുശാസിക്കുന്നു.<br><br>ഈ നിയമപ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ തന്നെ വൈദ്യുതി ബോർഡ്, വൈദ്യുതി സർചാർജ്ജിനുള്ള പെറ്റീഷനുകൾ കമ്മീഷന് മുമ്പാകെ സമർപ്പിച്ചു വരുന്നു. ഈ സർക്കാർ |

| | | | |
|---|---|---|---|
| | | | അധികാരത്തിൽ വന്നതിനു ശേഷവും ഇതു തുടർന്നു കൊണ്ടിരിക്കുന്നു. 2011 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ വരെയുള്ള കാലയ ളവിൽ അധിക സർചാർജ്ജായി 165.68 കോടി രൂപ ഈടാക്കുന്നതിനുള്ള പെറ്റീഷൻ 11.11.2011 ൽ സമർപ്പിച്ചിരുന്നു. എന്നാൽ 01.02.2012 ലെ ഉത്തരവ് പ്രകാരം 161.10 കോടി രൂപ, യൂണിറ്റൊന്നിന് 20 പൈസാ നിരക്കിൽ 2012 ഏപ്രിൽ ഒന്നാം തീയതി മുതൽ ഈടാക്കുവാൻ അനുവദിച്ചിട്ടുണ്ട്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ തെർമ്മൽ സർചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>2011 ഒക്ടോബർ മുതൽ ഡിസംബർ 2011 വരെയുള്ള കാലയളവിലുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യതയായ 79.89 കോടി രൂപ നികത്തുന്നതിനുള്ള പെറ്റീഷൻ, 16.02.2012 ൽ വൈദ്യുതി ബോർഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. ടി പെറ്റീഷനുമേലുള്ള 28.05.2012-ലെ ഉത്തരവിൻ പ്രകാരം 77.22 കോടി രൂപ ഇന്ധന സർചാർജ്ജായി അനുവദിക്കുകയും, ഈ തുക, 20 പൈസാ നിരക്കിൽ, ഇന്ധന സർചാർജ്ജായി 2012 ഒക്ടോബർ ഒന്നാം തീയതി മുതൽ 2012 ഡിസംബർ 31 തീയതി വരെ പിരിച്ചെടുക്കുവാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ 2012 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലുണ്ടായ അധിക ബാദ്ധ്യതയായ 72 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കുന്നതിനുള്ള പെറ്റീഷൻ 07.05.2012 ൽ കമ്മീഷന് |

| | | | |
|---|---|---|---|
| | | | മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷന് മേൽ കമ്മീഷൻ നാളിതുവരെ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ വൈദ്യുതി റഗുലേറ്ററി കമ്മീഷനു മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ 30.03.2012 ൽ കമ്മീഷനു മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്; വിശദമാക്കാമോ; | (സി) | സമർപ്പിക്കപ്പെട്ട താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | (ഡി) വൈദ്യുതി നിയമം 2003 പ്രകാരം വൈദ്യുതി താരിഫ് നിർണ്ണയിക്കുവാനുള്ള അധികാരം, അതാത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകളിൽ നിക്ഷിപ്തമാണ്. കമ്മീഷൻ ഉത്തരവിന് വിധേയമായി മാത്രമേ ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ |
| (ഇ) | ഉണ്ടെങ്കിൽ ഏതെല്ലാം നിലയിലുള്ള വർദ്ധനവാണ് വരുത്താനുദ്ദേശിക്കുന്നതെന്നും എന്ന് ഇത് നിലവിൽ വരികയെന്നും വിശദമാക്കുമോ? | (ഇ) | (ഇ) വൈദ്യുതി ചാർജ്ജ വർദ്ധനവ് നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകളൊന്നും തന്നെ കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല<br><br>സെക്ഷൻ ഓഫീസർ. |

# അനുബന്ധം

## സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് നൽകിയ താരിഫ് പരിഷ്കരണ നിർദേശങ്ങൾ

(1) ഗാർഹികം-എൽ.ടി -1(a)

| മാസഉപഭോഗം | എനർജി ചാർജ്ജ് | | ഡിമാൻറ്ചാർജ് / ഫിക്സഡ് ചാർജ് | |
|---|---|---|---|---|
| | നിലവിലുള്ള നിരക്ക് (രൂപ/ യൂണിറ്റ്) | ശുപാർശചെയ്ത നിരക്ക് (രൂപ/ യൂണിറ്റ്) | (രൂപ/മാസം/ ഉപഭോക്താവ്) | (രൂപ/മാസം/ ഉപഭോക്താവ്) |
| 0-40 | 1.15 | 1.50 | | 5 |
| 41-80 | 1.90 | 2.50 | | 15 |
| 81-120 | 2.40 | 3.00 | | 30 |
| 121-150 | 3.00 | 3.80 | | 40 |
| 151-200 | 3.65 | 4.80 | 0 | 50 |
| 201-300 | 4.30 | 5.50 | | 60 |
| 301-500 | 5.30 | 6.70 | | 80 |
| 500 യൂണിറ്റിന് മുകളിൽ | 5.45 | 7.00 | | 90 |

ഈ ശുപാർശയിലൂടെ കെ.എസ്.ഇ.ബിക്ക് 671.51 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു

(2) എൽ.ടി -1(b)- ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ്

| മാസഉപഭോഗം | എനർജി ചാർജ്ജ് | | ഡിമാൻറ്ചാർജ് / ഫിക്സഡ് ചാർജ് | |
|---|---|---|---|---|
| | നിലവിലുള്ള നിരക്ക് (രൂപ/ യൂണിറ്റ്) | ശുപാർശചെയ്ത നിരക്ക് (രൂപ/ യൂണിറ്റ്) | (രൂപ/മാസം/ ഉപഭോക്താവ്) | (രൂപ/മാസം/ ഉപഭോക്താവ്) |
| 0-40 | 1.55 | 2.00 | | 5 |
| 41-80 | 2.40 | 3.10 | | 15 |
| 81-120 | 2.80 | 3.60 | | 30 |
| 121-150 | 3.45 | 4.50 | | 40 |
| 151-200 | 4.05 | 5.20 | 0 | 50 |
| 201-300 | 5.05 | 6.20 | | 60 |
| 300 യൂണിറ്റിന് മുകളിൽ | 6.30 | 7.50 | | 80 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 0.025 കോടി രൂപ.

(3) എൽ.ടി -II കോളനികൾ

| ഫിക്സഡ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 1990 | 2400 | 5.65 | 7.00 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -Rs 2.62 കോടി രൂപ

(4) എൽ.ടി -IV ചെറുകിട വ്യവസായം

| ഫിക്സഡ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 45 | 60 | 3.25 | 4.25 |

ഈ ശുപാർശയിലൂടെ കെഎസ്ഇബി 130.61 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(5) എൽ.ടി -V കൃഷി

| ഫിക്സഡ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 6 | 8 | 0.65 | 1.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 23.26 കോടി രൂപ

(6) എൽ.ടി -V1 (A)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാന്റ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 40.00 | 50.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| 500 യൂണിറ്റ് വരെ | 3.85 | 4.80 |
| 500 യൂണിറ്റിന് മുകളിൽ | 5.20 | 5.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -12.09 കോടി രൂപ

(7) എൽ.ടി -VI (B)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 55.00 | 70.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| 500 യൂണിറ്റ് വരെ | 4.50 | 5.50 |
| 500 യൂണിറ്റിന് മുകളിൽ | 5.90 | 6.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -24.43 കോടി രൂപ

(8) എൽ.ടി -VI ( C)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 170.00 | 180.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| 500 യൂണിറ്റ് വരെ | 6.75 | 7.00 |
| 500 യൂണിറ്റിന് മുകളിൽ | 8.40 | 8.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -4.32 കോടി രൂപ .

(9) എൽ.ടി - VI(D)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 0.85 | 1.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -0.17 കോടി രൂപ .

**(10) എൽ.ടി -VII (A) വാണിജ്യം**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ് (രൂപ/മാസം/ ഉപഭോക്താവ്) | | |
| സിംഗിൾ ഫേസ് | 50.00 | 60.00 |
| ത്രീ ഫേസ് | 100.00 | 120.00 |
| എനർജി ചാർജ്ജ് (രൂപ/യൂണിറ്റ്) | | |
| 100 യൂണിറ്റ് വരെ | 5.45 | 6.00 |
| 200 യൂണിറ്റ് വരെ | 6.05 | 6.60 |
| 300 യൂണിറ്റ് വരെ | 6.75 | 7.40 |
| 500 യൂണിറ്റ് വരെ | 7.30 | 8.00 |
| 500 യൂണിറ്റിന് മുകളിൽ | 8.05 | 8.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -73.85 കോടി രൂപ

**(11) എൽ.ടി - VII (B) വാണിജ്യം**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ് (രൂപ/മാസം/ഉപഭോക്താവ്) | 30.00 | 40.00 |
| എനർജി ചാർജ്ജ് (രൂപ/യൂണിറ്റ്) | | |
| 100 യൂണിറ്റ് വരെ | 3.30 | 4.00 |
| 500 യൂണിറ്റിന് മുകളിൽ | 5.20 | 6.00 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -39.07 കോടി രൂപ

**(12) എൽ.ടി -VII (C)**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ് (രൂപ/മാസം/ഉപഭോക്താവ്) | 80.00 | 90.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| 100 യൂണിറ്റ് വരെ | 4.40 | 5.00 |
| 500 യൂണിറ്റിന് മുകളിൽ | 5.90 | 6.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -7.63 കോടി രൂപ

(13) തെരുവ് വിളക്കുകൾ: എൽ.ടി - IX

ഈ ശുപാർശയിലൂടെ കെ.എസ്.ഇ.ബി 15.83 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(14) എക്സ്ട്രാ ഹൈടെൻഷൻ (ഇ.എച്ച്.ടി)

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഇ.എച്ച്.ടി -1 (66 kV) | | |
| ഡിമാൻറ് ചാർജ്ജ് | 260.00 | 300.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| (i) സാധാരണ ഉപഭോക്താക്കൾ | 2.90 | 4.00 |
| (ii) പവർ ഇന്റൻസീവ് | 3.40 | 4.00 |
| ആകെ | | |
| ഇ.എച്ച്.ടി -II (110 kV) | | |
| ഡിമാൻറ് ചാർജ്ജ് | 245.00 | 290.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| (i) സാധാരണ ഉപഭോക്താക്കൾ | 2.90 | 4.00 |
| (ii) പവർ ഇന്റൻസീവ് | 3.40 | 4.00 |
| ആകെ | | |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 144.28 കോടി രൂപ.

(15) എച്ച്.ടി -I വ്യവസായം

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ് ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 270.00 | 300.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | | |
| (a) സാധാരണ വിഭാഗം (പവർ ഇന്റൻസീവ് ഒഴികെ ) | 3.00 | 4.10 |
| (b) പവർ ഇന്റൻസീവ് | 3.50 | 4.10 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 143.04 കോടി രൂപ.

**(16) എച്ച്.ടി -II (വ്യാവസായികേതരം/ വാണിജ്യേതരം)**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 300.00 | 350.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 3.00 | 4.10 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 15.06 കോടി രൂപ

**(17) എച്ച്.ടി -III കൃഷി**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 165.00 | 200.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 1.30 | 2.30 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 1.19 കോടി രൂപ

**(18) എച്ച്.ടി - IV വാണിജ്യം**

| വിശദാംശങ്ങൾ | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
|---|---|---|
| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | 350.00 | 400.00 |
| എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | 3.70 | 5.50 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം - 167.76 കോടി രൂപ

**(19) ബൾക്ക് സപ്ലൈ ലൈസൻസികൾ**

| വിഭാഗം | ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | |
|---|---|---|---|---|
| | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| ബൾക്ക് സപ്ലൈ - 11 kV | 270 | 350 | 3.28 | 4.40 |
| ബൾക്ക് സപ്ലൈ - 66 kV | 260 | 340 | 3.16 | 4.20 |
| ബൾക്ക് സപ്ലൈ - 110 kV | 245 | 320 | 3.16 | 4.20 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -54.19 കോടി രൂപ

(20) റെയിൽവേ ട്രാക്ഷൻ

| ഡിമാൻറ്ചാർജ്ജ് (രൂപ/മാസം/ഉപഭോക്താവ്) | | എനർജി ചാർജ്ജ് (രൂപ/യൂണിറ്റ്) | |
|---|---|---|---|
| നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് | നിലവിലുള്ള നിരക്ക് | ശുപാർശ ചെയ്ത നിരക്ക് |
| 245 | 250 | 2.90 | 4.00 |

പ്രതീക്ഷിക്കുന്ന വാർഷിക അധിക വരുമാനം -15.29 കോടി രൂപ

ഈ ശുപാർശയിലൂടെ പ്രതീക്ഷിക്കുന്ന ആകെ വാർഷിക അധിക വരുമാനം താഴെ ചേർത്തിരിക്കുന്നു.

| നമ്പർ | വിഭാഗം | തുക (Rs.Cr) |
|---|---|---|
| 1 | എൽ.ടി - 1(a) ഗാർഹികം | 671.57 |
| 2 | എൽ.ടി - 1(b) വർഷിപ്പ് കമ്മീഷൻ | 0.13 |
| 3 | എൽ.ടി -II കോളനികൾ | 2.62 |
| 4 | എൽ.ടി -IV ചെറുകിട വ്യവസായം | 130.61 |
| 5 | എൽ.ടി -V കൃഷി | 23.26 |
| 6 | എൽ.ടി -VI (A) | 12.09 |
| 7 | എൽ.ടി -VI (B) | 24.43 |
| 8 | എൽ.ടി -VI ( C) | 4.32 |
| 9 | എൽ.ടി - VI (D) | 0.17 |
| 10 | എൽ.ടി -VII (A) | 73.85 |
| *11 | എൽ.ടി -VII (B) | 39.07 |
| 12 | എൽ.ടി - VII (C ) | 7.63 |
| 13 | എൽ.ടി - IX - തെരുവ് വിളക്കുകൾ | 15.83 |
| 14 | ഇ.എച്ച്.ടി താരിഫ് | 144.28 |
| 15 | HT-1 വ്യവസായം | 143.04 |
| 16 | HT-II ഗാർഹികേതരം | 15.06 |
| 17 | HT-III കൃഷി | 1.19 |
| 18 | HT-IV വാണിജ്യം | 167.76 |
| 19 | ബൾക്ക് സപ്ലൈ ലൈസൻസികൾ | 54.20 |
| 20 | റെയിൽവേ | 15.29 |
| 21 | ആകെ | 1546.40 |